# നീര ഉത്പാദിപ്പിക്കാനുള്ള അവകാശത്തിനായി സമരം തുടരും - എം.പി. വീരേന്ദ്രകുമാർ

കോഴിക്കോട്: കേരകർഷകർക്ക് നീര ഉത്പാദിപ്പിക്കാനുള്ള അവകാശംനല്കിയാൽ മാത്രമേ നാളികേര വിലത്തകർച്ചയ്ക്ക് പരിഹാരം കാണാനാകൂ എന്ന് സോഷ്യലിസ്റ്റ് ജനത സംസ്ഥാന പ്രസിഡൻറ് എം.പി. വീരേന്ദ്രകുമാർ പറഞ്ഞു.

നാളികേര വിലയിടിവിനെതിരെ പാർട്ടി, കോഴിക്കോട് കളക്ടറേറ്റിനുമുന്നിൽ നടത്തിയ സത്യാഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരകർഷകർ ഉത്പന്ന വിലയിടിവുമൂലം കടുത്ത പ്രതിസന്ധിയിലാണെന്ന് വീരേന്ദ്രകുമാർ പറഞ്ഞു. 45 ലക്ഷം കേരകർഷകരാണ് കേരളത്തിലുള്ളത്. പച്ചത്തേങ്ങയുടെ സംഭരണവില ഇപ്പോൾ ഉയർത്തിയത് ഒട്ടൊരു ആശ്വാസമായിട്ടുണ്ട്. എന്നാൽ, അതും അപര്യാപ്തമാണ്. നീര ഉത്പാദിപ്പിക്കാനുള്ള അവകാശം കേരകർഷകന് നല്കുന്നത് ഈ മേഖലയ്ക്ക് വലിയ സഹായമാകും.

എക്സൈസ് നിയമത്തിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. തെങ്ങുചെത്താൻ നല്കുന്നതിനേക്കാൾ എത്രയോ ഇരട്ടി ആദായം ഇതിലൂടെ കർഷകന് ലഭിക്കും. ചില ലോബികളാണ് ഇതിനെല്ലാം തടസ്സം നിൽക്കുന്നത്. പാമോയിൽ ഇറക്കുമതി അവസാനിപ്പിച്ച് വെളിച്ചെണ്ണയ്ക്ക് സബ്സിഡി നല്കി പ്രോത്സാഹിപ്പിക്കണമെന്നും വീരേന്ദ്രകുമാർ ആവശ്യപ്പെട്ടു.